©
കേരള സർക്കാർ
Government of Kerala
2026

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

കേരള ഗസറ്റ്
KERALA GAZETTE
അസാധാരണം
EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

വാല്യം 15
Vol. XV

തിരുവനന്തപുരം,
വ്യാഴം
Thiruvananthapuram,
Thursday

2026 മേയ് 14
14th May 2026
1201 മേടം 31
31st Medam 1201
1948 വൈശാഖം 24
24th Vaisakha 1948

നമ്പർ
No.
1567

തിരുത്തൽ വിജ്ഞാപനം

കെ5/357887/2021 27 ഏപ്രിൽ 2026

2013 ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ട പരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനസ്ഥാപനത്തിനുമുള്ള അവകാശ നിയമം 19–ാം വകുപ്പ് 2015 ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനസ്ഥാപനത്തിനുമുള്ള 21(16) വ്യവസ്ഥകൾക്ക് അനുസൃതമായി 5–7–2024–ാം തീയതി പ്രസിദ്ധീകരിച്ച 2158–ാം നമ്പർ ഗസറ്റ് വിജ്ഞാപനത്തിൽ ചുവടെ പട്ടികയിൽ ചേർക്കുന്ന ഭേദഗതി വരുത്തി ഇതിനാൽ അറിയിപ്പ് നൽകുന്നു.

പേരൂർക്കട മേൽപ്പാലത്തിന്റെ നിർമ്മാണത്തിനായുള്ള പൊന്നുംവില നടപടിയുടെ ഭാഗമായി 05/07/2024–ാം തീയതി പ്രസിദ്ധീകരിച്ച 2158–ാം നമ്പർ ഗസറ്റ് വിജ്ഞാപനത്തിലെ പട്ടികയിലെ ക്രമ നമ്പർ 1 ൽ പ്രതിപാദിക്കുന്ന പേരൂർക്കട വില്ലേജിലെ ബ്ലോക്ക് 5 ലെ റീസർവ്വെ നമ്പർ 315 ഗസറ്റ് വിജ്ഞാപനത്തിൽ നിന്നും ഒഴിവാക്കി ഈ തിരുത്തൽ പ്രഖ്യാപനത്താൽ ഭേദഗതി വരുത്തിയിട്ടുള്ളതാകുന്നു.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

പട്ടിക A

19(1) പ്രഖ്യാപനത്തിൽ നിന്നും ഒഴിവാക്കുന്നത്

(ഏകദേശ വിസ്തീർണ്ണമാണ് ഉൾപ്പെടുത്തിയിരിക്കുന്നത്)

ജില്ല : തിരുവനന്തപുരം **താലൂക്ക് : തിരുവനന്തപുരം** **വില്ലേജ് : പേരൂർക്കട**

ക്രമ നമ്പർ	മുൻ ഗസറ്റിലെ ക്രമ നമ്പർ	ബ്ലോക്ക് നമ്പർ	റീസർവ്വെ നമ്പർ	വിവരണം	എൽ എ സബ്ഡിവിഷൻ നമ്പർ	വിസ്തീർണ്ണം (ആർ)
1	1	5	3	പുറമ്പോക്ക്	317 318	00.21 00.07

(ഒപ്പ്)
ജില്ലാ കളക്ടർ
തിരുവനന്തപുരം

വിശദീകരണ കുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല. എന്നാൽ ഒരു പൊതു ഉദ്ദേശം വെളിപ്പെടുത്തുന്നതിന് ഉദ്ദേശിച്ച് കൊണ്ടുള്ളതാണ്)

തിരുവനന്തപുരം ജില്ലയിൽ പേരൂർക്കട വില്ലേജിൽ ഉൾപ്പെട്ട സ്ഥലം പേരൂർക്കട മേൽപ്പാലം നിർമ്മാണത്തിന് ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും, സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള 2013-ലെ ആക്ട് (2013 ലെ 30-ാം നമ്പർ കേന്ദ്ര ആക്ട്) 19-ാം വകുപ്പിന്റെ 1-ാം ഉപവകുപ്പനുസരിച്ച് കേരള സർക്കാരിൽ നിക്ഷിപ്തമായിട്ടുള്ള അധികാരം ഉപയോഗിച്ച് 05/07/2024 ലെ 2158 നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ള 04/07/2024 ലെ കെ5/357887/2021 പ്രഖ്യാപനത്തിലെ പട്ടിക ഭേദഗതി വരുത്തുന്നു.

മേൽ ആവശ്യം കൈവരിക്കുവാൻ ഉദ്ദേശിച്ചാണ് വിജ്ഞാപനം പുറപ്പെടുവിച്ചിരിക്കുന്നത്

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2026

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by VEERAN T
Date:2026.05.14 12:31:18 +05:30